


***ബാബയുടെ സംസ്കൃത പരിജ്ഞാനം***

*അദ്ദേഹം ഗീതയിലെ ഒരു ശ്ലോകം വ്യാഖ്യാനിച്ചത് - സമാധി മന്ദിരം നിർമ്മിച്ചത്.*

## മുഖവുര

ഷിർദ്ദിയും ദ്വാരകമായിയും, ബാബ മഹാസമാധിവരെ വാണരുളിയ സ്ഥലങ്ങളെന്ന നിലയിൽ അനുഗ്രഹീതങ്ങളാണ്. ബാബ ഉപകാരം ചെയ്ത ഷിർദ്ദിയിലെ ജനങ്ങളും അനുഗ്രഹീതരാണ്. അവർക്കുവേണ്ടി ബാബ അതിവിദൂരത്തിൽ നിന്നും വന്നു. ഷിർദ്ദി ഒരു ചെറുഗ്രാമമായിരുന്നത് ബാബയുടെ സമ്പർക്കത്താൽ ഒരു തീർത്ഥാടന കേന്ദ്രമായി മാറി. ഷിർദ്ദിയിലെ സ്ത്രീകളുടെ കറകളഞ്ഞ ബാബ ഭക്തികാരണം അവർ അനുഗ്രഹീതരാണ്. അവർ കുളിക്കുമ്പോഴും അരയ്ക്കുമ്പോഴുമെല്ലാം ബാബയുടെ അപദാനങ്ങൾ ശ്രുതിമധുരമായ ഗീതങ്ങളാക്കി പാടികൊണ്ടിരുന്നു. ആ പാടുന്നവർക്കും മനശാന്തി നൽകി.

## ബാബയുടെ വ്യാഖ്യാനം

ബാബക്ക് സംസ്കൃതം അറിയാമായിരുന്നുവെന്നു ആരും വിശ്വാസിച്ചിരുന്നില്ല. ഒരു ദിവസം നാനാനാഹെബ് ചന്ദോർക്കർക്ക് ഒരു ഗീതാ ശ്ലോകത്തിന് വ്യാഖ്യാനം പറഞ്ഞുകൊടുത്തപ്പോൾ എല്ലാവരും അതിശയിച്ചുപോയി. അതിന്റെ ചുരുക്കം സായിലീലാ മാസികയിൽ ബി. വി. ദേവ് എഴുതിയ ഒരു ലേഖനത്തിലും ബി. വി. നരസിംഹസ്വാമിയുടെ ബുക്കിലും കൊടുത്തിട്ടുണ്ട്. ദേവ്, നാനാസാഹെബിനോടു തന്നെ അന്വേഷിച്ചു കിട്ടിയ വിവരങ്ങളാണ് ഇവിടെ ചേർക്കുന്നത്.

നാനാസാഹെബ് ചന്ദോർക്കർ നല്ല വേദാന്ത പരിജ്ഞാനമുള്ള ആളായിരുന്നു. ഗീത, വ്യഖ്യാനത്തോട് കൂടി വായിച്ചു മനസ്സിലാക്കി അതിൽ തനിക്കുള്ള പരിജ്ഞാനത്തിൽ കുറച്ച് അഹംഭാവിയുമായി. അയാൾ കരുതിയത് ബാബക്ക് ഈ വക കാര്യങ്ങളോ സംസ്കൃതമോ അറിയില്ലെന്നായിരുന്നു. അപ്പോൾ ബാബ ഒരു ദിവസം ഈ പൊള്ള പൊട്ടിച്ചു. അന്ന് ബാബയുടെ അടുത്ത് തിരക്കൊന്നുമില്ലാതെ ഭക്തന്മാർക്ക് യഥേഷ്ടം സംസാരിക്കാൻ സാധിച്ചിരുന്ന കാലമായിരുന്നു. നാനാ, ബാബയുടെ അരികിലിരുന്നു കാലു തലോടിക്കൊണ്ടിരിക്കെ എന്തോ പിറുപിറുത്തു.

ബാബ – നാനാ എന്താ തന്നത്താൻ പറയുന്നത്?

നാനാ: 'ഞാൻ ഒരു സംസ്കൃതത്തിലുള്ള ശ്ലോകം ചൊല്ലിയതാണ്'.

ബാബ : 'എന്തു ശ്ലോകം?'.

നാന : 'ഭഗവത്ഗീതയിൽ നിന്നാണ്'

ബാബ : 'ഉറക്കെ ചൊല്ല്'

നാനാ : ' അപ്പോൾ ഭഗവത്ഗീതയിലെ നാലാം അദ്ധ്യായത്തിലെ 34-ാംമത്തെ ശ്ലോകം' ഇങ്ങനെ ചൊല്ലി-

'തദ്വദ്ധി പ്രാണിപാതേന

പരിപ്രശ്നേന സേവയാ

ഉപദേക്ഷ്യന്തി തേ ജ്ഞാനം

ജ്ഞാനിനസ്തത്ത്വ ദർശിന'.

ബാബ: 'നാനാ അത് മനസ്സിലായോ നിനക്ക്'

നാനാ: 'ഉവ്വ്'

ബാബ: 'മനസ്സിലായെങ്കിൽ പറയൂ'

നാനാ അതിന്റെ അർത്ഥം ഇതാണ് 'സാഷ്ടാംഗ പ്രണാമം ചെയ്തും, ഗുരുവിനോട് ചോദ്യങ്ങൾ ചോദിച്ചും, സേവിച്ചും, ജ്ഞാനം എന്താണെന്ന് പഠിക്കുക. അപ്പോൾ ബ്രഹ്മത്തെ പറ്റി യാഥാർത്ഥ വിജ്ഞാനമുള്ള ജ്ഞാനികൾ നിനക്ക് ജ്ഞാനത്തെപ്പറ്റി ഉപദേശം തരും'.

ബാബ : 'നാന, എനിക്ക് ആ ശ്ലോകത്തിന്റെ ഒട്ടാകെയുള്ള അർത്ഥമല്ല വേണ്ടത്. ഓരോ വാക്കും അതിന്റെ വ്യാകരണവും അർത്ഥവും പറഞ്ഞു തരണം.

അന്നേരം നാന ഓരോവാക്കായി അർത്ഥം പറഞ്ഞു

ബാബ: നാനാ! സാഷ്ടാംഗ പ്രണാമം മാത്രം മതിയോ

നാനാ: പ്രണിപാതത്തിനു പ്രണാമം എന്നാല്ലാതെ മറ്റു അർത്ഥം എനിക്കറിയില്ല

ബാബ : 'പരി പ്രശ്നം എന്താണ്?'

നാന: 'ചോദ്യങ്ങൾ ചോദിക്കൽ'

ബാബ : 'പ്രശ്നം എന്നാലെന്താണ്?'

നാനാ : 'അതെ അർത്ഥം തന്നെയാണ്'

ബാബ : 'പരി പ്രശ്നത്തിനും പ്രശ്നത്തിനും ഒരേ അർത്ഥമാണെങ്കിൽ, വ്യാസൻ എന്തിനാണ് 'പരി' എന്ന് ചേർത്തത്? വ്യാസന് തലക്ക് ശരിയില്ലെ?'

നാനാ : ' എനിക്ക് പരി പ്രശ്നം എന്ന വാക്കിന് വേറെ അർത്ഥം അറിഞ്ഞുകൂട'

ബാബ : 'സേവ' - എന്തുതരം സേവയാണ് ഉദ്ദേശിച്ചിരിക്കുന്നത്.

നാനാ : 'ഞങ്ങൾ സദാ ചെയ്യുന്ന തരത്തിലുള്ളത്'

ബാബ : 'അത്തരം സേവ ചെയ്താൽ മതിയോ'

നാനാ : 'അതിൽകൂടുതൽ എന്താണ്' സേവ എന്ന പദം കൊണ്ടുദ്ദേശിച്ചതെന്ന് എനിക്കറിഞ്ഞുകൂട'

ബാബ : ' അടുത്ത വരി ഉപദേക്ഷ്യന്തി തേ ജ്ഞാനം' അതിൽ ജ്ഞാനത്തിന് പകരം വേറെ എന്തെങ്കിലും വാക്ക് ഉച്ചരിക്കാമോ?'

നാനാ : ആവാം

ബാബ : എന്തുവാക്കാണ് ?

നാനാ : അജ്ഞാനം

ബാബ : ജ്ഞാനത്തിനു പകരം അജ്ഞാനം എന്നാക്കിയാൽ ആ ശ്ലോകത്തിന് വല്ല അർത്ഥവും കിട്ടുമോ

നാന 'ഇല്ല ശങ്കരഭാഷ്യം അങ്ങിനെ പദം മുറിച്ചിട്ടില്ല'

ബാബ: 'അദ്ദേഹം പറഞ്ഞിട്ടില്ലെങ്കിൽ പോട്ടെ സാരമില്ല. അജ്ഞാനം എന്നുപയോഗിച്ച് കൂടുതൽ നല്ല അർത്ഥം വരുന്നുവെങ്കിൽ അതിന് വല്ല ആക്ഷേപവുമണ്ടോ?'

നാന: അജ്ഞാനം എന്നും ചേർത്ത് എങ്ങനെ ശരിയാവും എന്ന് എനിക്ക് മനസ്സിലാവുന്നില്ല'

ബാബ - കൃഷ്ണൻ എന്തിനാണ് അർജ്ജുനനെ, ജ്ഞാനികളുടെയും തത്വദർശികളുടെയും അടുത്തേക്ക് പ്രണാമത്തിനും പ്രശ്നത്തിനും സേവക്കും അയക്കുന്നത്. കൃഷ്ണൻതന്നെ തത്വദർശിയും ജ്ഞാനിയുമല്ലെ.

നാനാ- അതെ കൃഷ്ണൻ അങ്ങനെയായിരുന്നു പക്ഷെ എന്തിനാണ് അർജ്ജുനനെ ജ്ഞാനികളുടെ അടുക്കൽ പോവാൻ നിർദ്ദേശിച്ചതെന്ന് എനിക്ക് മനസ്സിലാവുന്നില്ല.

ബാബ - നിനക്കത് മനസ്സിലായിട്ടില്ലേ ?

നാനയുടെ അഹംഭാവം നശിച്ചു. ഗർവ്വിന്റെ നെറുകിൽ തന്നെയാണ് അടികൊണ്ടത്. എന്നിട്ട് ബാബ വ്യാഖാനിക്കാൻ തുടങ്ങി.

1. 'ജ്ഞാനികളെ നമസ്കരിച്ചാൽ മാത്രം പോര.

സദ്ഗുരുവിന്റെ അടുക്കൽ സർവ്വസ്വ ശരണാഗതി തന്നെ ആയിരിക്കണം.

2. വെറും ചോദ്യം ചോദിക്കാൽ മാത്രം പോര. ചോദ്യങ്ങൾ ഗുരുവെ കുടുക്കാനോ, ദുരുദ്ദേശപരമായോ, തെറ്റു കണ്ടുപിടിക്കാനോ, വെറും പരീക്ഷണാർത്ഥമോ ആവരുത്. അത് ഗൗരവപൂർവ്വം മോക്ഷസാദ്ധ്യത്തിനും ആദ്ധ്യാത്മിക പുരോഗതി ക്കും മാത്രം ഉദ്ദേശിച്ചു ചോദിക്കേണ്ടതാണ്.

3. സേവ എന്നാൽ എനിക്ക് ഇഷ്ടമുണ്ടെങ്കിൽ ചെയ്യാം ഇല്ലെങ്കിൽ വേണ്ടെന്നു വെക്കാം എന്നുള്ള മനഃസ്ഥിതി യോടുകൂടിയ സേവനമല്ല. ഈ ശരീരം എന്റെതല്ലെന്നും അതിന്റെ ഉടമ ഗുരുവാണെന്നും, ഞാൻ മനസ്സിലാക്കിയായിരിക്കണം ആ സേവ ചെയ്യുന്നത്.

ഇങ്ങിനെ ചെയ്താൽ സദ്ഗുരു നിനക്ക് മുൻശ്ലോക ത്തിലെ അജ്ഞാനം എന്താണെന്ന് കാണിച്ചു തരും. ഗരു അജ്ഞാനം പഠിപ്പിക്കുന്നു എന്നു പറഞ്ഞാ ലെന്താണ് നാനക്ക് മനസ്സിലായില്ല.

ബാബ: ജ്ഞാനം ഉപദേശിക്കലെങ്ങനെയാണ്? അജ്ഞാനം നശിപ്പിക്കലാണ് ജ്ഞാനം. ഗീത 18-ാം അദ്ധ്യായം 66-ാം ശ്ലോകത്തെ വ്യാഖ്യാനിച്ച് ജ്ഞാനേശ്വരിയിൽ പറയുന്നു അല്ലയോ അർജ്ജുനാ! അജ്ഞാനം നശിപ്പിക്കൽ ഇപ്രകാരമാണ്. സ്വപ്നവും സുഷുപ്തിയും പോയാൽ നീ, നീ തന്നെയാവു ന്നില്ലേ അതു പോലെയാണ് ഇതും. ജ്ഞാനത്തിൽ, അജ്ഞാനം നശിപ്പിക്കലാല്ലാതെ വേറെ എന്താണുള്ളത്? ഇരുട്ട് നശിപ്പി ക്കലെന്നാൽ വെളിച്ചമാണ്. ദ്വൈതം നശിപ്പിക്കലെന്നാൽ

അദ്വൈതമാണ്. ദ്വൈതത്തെ ഇല്ലായ്മ ചെയ്യലിനെപറ്റി നാം പ്രതിപാദിക്കുകയാണെങ്കിൽ അദ്വൈതമാണ് പ്രതിപാദി ക്കേണ്ടത്. ഇരുട്ടിനെ ഇല്ലായ്മ ചെയ്യുന്ന കാര്യം പറയുക യാണെങ്കിൽ വെളിച്ചത്തിന്റെ കാര്യമായിരിക്കും പറയുക. അദ്വൈതഭാവം അനുഭവിക്കണമെങ്കിൽ ദ്വൈതഭാവം മനസ്സിൽ നിന്ന് ഇല്ലായ്മചെയ്യണം- അതാണ് അദ്വൈതഭാവം അനുഭവത്തിൽ വരുത്തൽ. ദ്വൈതത്തിലിരുന്നുകൊണ്ട് ആർക്കാണ് അദ്വൈതത്തെപറ്റി ആധികാരികമായി പറയാൻ കഴിയുക? ആ ഭാവത്തിലെത്താത്ത ഒരുവൻ അതു പറഞ്ഞു തന്നാൽ എങ്ങനെയാണ് ശ്രോതാവിന് അത് മനസ്സിലായ അനുഭവത്തിൽ കൊണ്ടുവരാൻ കഴിയുക?

പോരെങ്കിൽ ശിഷ്യനും സദ്ഗുരുവെപ്പോലെ തന്നെ ജ്ഞാനത്തിന്റെ മൂർത്തീകരണമാണ്. അവർ തമ്മിലുള്ള ഭേദം, ഭാവത്തിലും ഉയർന്ന അനുഭവങ്ങളിലും, വിസ്മയാവഹമായ ഉയർന്ന നിലവാരത്തിലുള്ള സാത്വിക ഗുണത്തിലും, എതിരില്ലാത്ത കഴിവിലും, ഐശ്വര്യയോഗത്തിലും മാത്രമാണ്. സദ്ഗുരു നിർഗുണനും സച്ചിദാനന്ദനുമാണ്. ഗുരു മാനുഷ രൂപം കൈകൊണ്ടത് ലോകോദ്ധാരണത്തിനും മാനവരാശിയെ ഉന്നമനത്തിലെത്തിക്കാനുമാണ്. പക്ഷെ അതുകൊണ്ട് യഥാർത്ഥമായുള്ള ഗുരുവിന്റെ നിർഗ്ഗുണ സ്വാഭാവം അല്പം പോലും കുറഞ്ഞുപോകുന്നില്ല. ഗുരുവിന്റെ സ്ഥിതിയും ദൈവശക്തിയും ജ്ഞാനവും ഒട്ടും കമ്മിവരാതെ നിലനിൽക്കുന്നു. ശിഷ്യനും യഥാർത്ഥത്തിൽ അതേ സ്വരൂപത്തിലാണ്. പക്ഷെ അത് എത്രയോ ജന്മങ്ങളിലെ അജ്ഞാനരൂപത്തിലുള്ള സംസ്കാരങ്ങളാൽ ആവരണം ചെയ്തു കിടക്കുന്നതിനാൽ അയാളുടെ ശുദ്ധചൈതന്യത്വം

അയാളുടെ ദൃഷ്ടിപഥത്തിൽ നിന്ന് മറയ്ക്കപ്പെട്ടിരിക്കയാണ്. ആ കാരണത്താൽ അയാൾക്ക് 'ഞാൻ ജീവനാണ്' ഒരു ജീവിയാണ്. കഴിവില്ലാത്തവനാണ് ദരിദ്രനാണ്' എന്നെല്ലാമുള്ള ചീത്ത സംസ്കാരം ഉണ്ടാവുന്നു. ഗുരുവിന്ന് ഈ വക അജ്ഞാനത്തിന്റെ നാമ്പുള്ളികൾ നുള്ളിക്കളയാനുണ്ട്. എന്നിട്ടുവേണം ഉപദേശം കൊടുക്കുവാൻ. അന്തമില്ലാത്ത ജന്മങ്ങളെക്കൊണ്ടും ശിഷ്യനുണ്ടായിത്തീർന്ന 'ഞാൻ ജീവനാണ്, ദരിദ്രനാണ്, സാധുവാണ്' എന്നിങ്ങനെയുള്ള ചീത്ത സംസ്കാരം നിർമ്മാർജ്ജനം ചെയ്വാനായി ഗുരു നൂറുകണക്കിലുള്ള ജന്മങ്ങളെക്കൊണ്ട് 'നീ ദൈവമാണ്, നീ ഗംഭീരനാണ്, നീ സമ്പന്നനാണ്' എന്നിങ്ങനെയുള്ള പാഠങ്ങൾ അയാളെ പഠിപ്പിക്കുന്നു. അങ്ങനെ അയാൾക്ക് ഞാൻ ദൈവമാണ് എന്ന ബോധം സ്വല്പമെങ്കിലും ഉദിക്കുന്നു. സ്ഥിര പ്രതിഷ്ഠിത മായി ശിഷ്യനിൽ കുടികൊള്ളുന്ന 'ഞാൻ ദേഹമാണ് ജീവനാണ്, അഹംഭാവമാണ്, ദൈവം എന്നിൽ നിന്നും ഭിന്നമാണ്, ഞാൻ ലോകത്തിൽ നിന്നു വേർപെട്ടു നിൽക്കുന്നു' എന്നിങ്ങനെയുള്ള ആശയങ്ങളെല്ലാം തന്നെ അയാൾ എത്രയോ മുജ്ജന്മങ്ങളിൽ നിന്നും ആർജ്ജിച്ച വിവരക്കേടുകളാണ്. ഈ മതിഭ്രമവും, തെറ്റും വിവരക്കേടും, ഈ അജ്ഞാനത്തിന്റെ മൂലകാരണവും നീക്കം ചെയ്യാൻ അയാൾ അന്വേഷണം തുടങ്ങണം. എങ്ങനെയാണ് ഈ അജ്ഞാനം ഉദിച്ചത്? എവിടെയാണത്? എന്ന്. ഇത് മനസ്സിലാക്കികൊടുക്കലാണ് ഗുരുവിന്റെ ഉപദേശം. താഴെ പറയുന്നവയാണ്

അജ്ഞാനത്തിന്റെ ഉദാഹരണം:

1. ഞാൻ ഒരു ജീവനാണ്
2. ദേഹം തന്നെയാണ് ആത്മാവ്, അഥവാ ഞാൻ ദേഹം

3. ദൈവം, ലോകം, ജീവൻ ഇവ വ്യത്യസ്ഥങ്ങളാണ്.
4. ഞാൻ ദൈവമൊന്നുമല്ല.
5. ദേഹം ആത്മാവല്ലെന്ന് അറിയാതിരിക്കൽ
6. ദൈവം, ലോകം, ജീവൻ ഇവ ഒന്നുതന്നെയാണെന്നറി യായ്മ

ഈ വക തെറ്റുകളും അയാൾക്ക് വെളിവാക്കി ക്കൊടുത്തില്ലെങ്കിൽ, ശിഷ്യന് എന്താണ് ലോകം, ദൈവം, ജീവൻ, ദേഹം എന്ന് മനസ്സിലാവുകയോ അവ തമ്മിലുള്ള പരസ്പര ബന്ധം അറിയുകയോ അവ തമ്മിൽ വല്ല ഭേദവു മുണ്ടോ എന്ന് ബോധ്യപ്പെടുകയോ ചെയ്യുന്നില്ല. ഇതയാളെ പഠിപ്പിച്ച് അജ്ഞാനം നശിപ്പിക്കുന്നത്, ജ്ഞാനത്തെ പറ്റിയ ഉപദേശമോ അജ്ഞാനത്തെ പറ്റിയ ഉപദേശമോ? എന്തിനാണ് ജ്ഞാനമൂർത്തിയായ ജീവന് ജ്ഞാനം ഉപദേശിക്കുന്നത്? ഉപദേശം അയാളുടെ തെറ്റ് മനസ്സിലാക്കികൊടുക്കാനും അജ്ഞാനം നശിപ്പിക്കാനും മാത്രമാണ്.

ബാബ തുടർന്നു1) പ്രണിപാതം അർപ്പണത്തെ സൂചിപ്പിക്കുന്നു 2) അർപ്പണം ശരീരം, അർത്ഥം, മാനസം ഇവകളെകൊണ്ടാണ്. 3) എന്തിനാണ് കൃഷ്ണൻ അർജ്ജുനനോട് മറ്റു ജ്ഞാനികളുടെ അടുക്കൽ പോവാൻ പറഞ്ഞത് ? സദ്ഭക്തൻ എല്ലാം വാസുദേവനായികാണുന്നു. അപ്പോൾ ഏത് ഗുരുവും ഭക്തന് കൃഷ്ണൻ തന്നെയാണ്. ഗുരു ശിഷ്യനെയും വാസുദേവനായിക്കാണുന്നു. കൃഷ്ണൻ രണ്ടുപേരെയും ആത്മനും പ്രാണനുമായി കരുതുന്നു. (ഗീത അദ്ധ്യായം 7 ശ്ലോകം 8) ശ്രീകൃഷ്ണന് അത്തരം ഭക്തന്മാർ ഗുരുക്കളായിട്ടുണ്ടെന്നറിയുന്നതിനാൽ അർജ്ജുനനെ അവരുടെ

അടുക്കൽ പോവാൻ നിർദ്ദേശിച്ച് അവരുടെ മഹത്വം പ്രഖ്യാപിക്കുക മാത്രമാണ് ചെയ്യുന്നത്.

**സമാധി മന്ദിരം നിർമ്മിക്കൽ**

ബാബ തനിക്ക് നിർവ്വഹിക്കേണ്ട കാര്യങ്ങളെപ്പറ്റി പറയുകയോ തിരക്കുകൂട്ടുകയോ യാതൊന്നും ചെയ്യാറില്ല. പക്ഷെ എല്ലാം സമർത്ഥമായി കൈകാര്യം ചെയ്തു സാവധാനമെങ്കിലും സുദൃഢമായി കാര്യങ്ങൾ നടക്കുന്നതു കണ്ട് ജനങ്ങൾ വിസ്മയിച്ചുപോവും. സമാധിമന്ദിരം പണിചെയ്തത് ഇതിന്നൊരുദാഹരണമാണ്. നാഗ്പൂരിലെ കോടീശ്വരനായ ശ്രീമാൻ ബാപ്പു സാഹെബ്ഭൂട്ടി കുടുംബ സമേതം ഷിർദ്ദിയിൽ താമസിച്ചിരുന്നു. ഒരിക്കൽ അയാൾക്ക് അവിടെ സ്വന്തമായി ഒരു കെട്ടിടം വേണമെന്ന് ആഗ്രഹമുണ്ടായി. ഇതിന്ന് ശേഷം കുറച്ച് കഴിഞ്ഞ് ഒരിക്കൽ ദീക്ഷിത് വാഡയിൽ കിടന്നുറങ്ങുമ്പോൾ ഒരു ദർശനമുണ്ടായി. ബാബ പ്രത്യക്ഷപ്പെട്ട്, അയാൾ സ്വന്തമായി ഒരു സത്രം പണിയുവാനും അതിൽ ഒരു ക്ഷേത്രം കൂടി നിർമ്മിക്കാനും പറഞ്ഞതായി കണ്ടു. അവിടെ തന്നെ ഉറങ്ങിയിരുന്ന ശാമക്കും ഇതേപോലെതന്നെ ദർശന മുണ്ടായി. ബാപ്പു സാഹെബ് ഉണർന്നു നോക്കിയപ്പോൾ ശാമ കരയുന്നത് കണ്ട് എന്താണ് കാരണം എന്നു ചോദിച്ചു. അയാൾ അയാളുടെ സ്വപ്നത്തിൽ ബാബ അടുത്തുവന്ന് വ്യക്തമായി 'ക്ഷേത്രത്തോടുകൂടി ഒരു സത്രം നിർമ്മിക്കുക. എല്ലാവരുടെയും ആഗ്രഹം ഞാൻ നിർവ്വഹിക്കാം' എന്നു പറഞ്ഞതായും ബാബയുടെ സ്നേഹമധുരമായ വാക്കുകേട്ട് വികാരധീനനായി തൊണ്ടയിടറി കണ്ണുനിറഞ്ഞു കരഞ്ഞുപോയതാണെന്നും മറുപടി പറഞ്ഞു. രണ്ടുപേരുടെയും സ്വപ്നം ഒരുപോലെയിരുന്ന തിനാൽ ബാപ്പു സാഹെബ് അതിശയിച്ചുപോയി. ധനികനായതു

കൊണ്ട് അവിടെ തന്നെ ഒരു വാഡ നിർമ്മിക്കാൻ നിശ്ചയിച്ച് ശാമയുടെ സഹായത്തോടെ ഒരു പ്ലാൻ തയ്യാറാക്കി. കാക്കാ സാഹെബ് ദീക്ഷിതും ആ പ്ലാൻ അംഗീകരിച്ചു. അതു ബാബ യുടെ മുന്നിൽ വെച്ചപ്പോൾ ബാബയും അതുടനെ അംഗീകരിച്ചു.

അനുവാദം കൊടുത്തു. ഉടനെ പണി തുടങ്ങി. ശാമയുടെ മേൽനോട്ടത്തിൽ താഴെ നിലയും ഉള്ളറയും കിണറും പണി കഴിപ്പിച്ചു. ലെണ്ടിയിലേക്ക് പോവുമ്പോഴും, വരുമ്പോഴും ബാബയും പല ഭേദഗതികളും നിർദ്ദേശിക്കുമായിരുന്നു. ബാക്കി പണി ബാപ്പുസാഹെബ് ജോഗിനെ ചുമതലപ്പെടുത്തി. അങ്ങനെ പണി നടന്നുകൊണ്ടിരിക്കെ നടുക്ക് വിശാലമായ ഒരു തുറന്ന തളം വേണമെന്നും അതിൽ ഉയർന്ന വേദി വേണമെന്നും അതിൽ ഒരു മുരളീധര വിഗ്രഹം പ്രതിഷ്ഠിക്കണമെന്നും ബാപ്പു സാഹെബ് ഭൂട്ടിക്ക് ഒരാശയം ജനിച്ചു. ഇത് ബാബയോട് ചോദിച്ച് അനുവാദം വാങ്ങാൻ, അയാൾ ശാമയോട് പറഞ്ഞു. ബാബ അതിലെ കടന്നുപോകുമ്പോൾ ശാമ സംഗതി പറഞ്ഞ് അനുവാദം ചോദിച്ചു. അത് കേട്ട് ബാബ ശാമക്ക് അനുവാദം കൊടുത്തതിങ്ങനെയാണ്:' ക്ഷേത്രം പണിചെയ്തു കഴിഞ്ഞാൽ ഞാൻ അവിടെ താമസിക്കാൻ വരും' എന്നിട്ട് വാഡയെ നോക്കികൊണ്ട് ബാബ തുടർന്നു-വാഡ പണിതുകഴിഞ്ഞാൽ നാം തന്നെ അത് സ്വന്തമായി ഉപയോഗിക്കും. നാം അവിടെ താമസിച്ചും, നടന്നും കളിച്ചും അന്യോന്യം കെട്ടിപിടിച്ചും സന്തുഷ്ടരായി കഴിയും' അപ്പോൾ ശാമ അത് പ്രതിഷ്ഠാ സ്ഥാപ നക്കുള്ള സ്ഥലം പണിക്ക് തറക്കല്ലിടാൻ പറ്റിയ ശുഭ സമയ മാണോ എന്ന് ചോദിച്ചു. ബാബ അതേ എന്ന് പറഞ്ഞു. ശാമ ഉടനെ നാളികേരം ഉടച്ച് പ്രവൃത്തി തുടങ്ങി. ഉദ്ദേശിച്ചതുപോലെ പ്രവൃത്തി പൂർത്തിയാക്കുകയും മുരളീധര വിഗ്രഹം ഉണ്ടാക്കാൻ

ഏല്പിക്കുകയും ചെയ്തു. പക്ഷെ വിഗ്രഹം തയ്യാറാവുന്നതിന് മുമ്പ് ഒരു പുതിയ സംഭവമുണ്ടായി. ബാബക്ക് സുഖക്കേടാവുകയും അന്ത്യശ്വാസം വലിക്കാറാവുകയും ചെയ്തു. ബാപ്പുസാഹെബിന് സങ്കടമായി. ബാബ പൊയ്പോയാൽ ലക്ഷകണക്കിന് ചിലവാക്കി നിർമ്മിച്ച വാഡയിൽ അദ്ദേഹത്തിന്റെ പാദധൂളി ഏറ്റ് പരിശുദ്ധമാക്കുവാൻ കഴിയില്ലല്ലോ. പക്ഷെ ബാബയുടെ അന്ത്യശാസനം: 'എന്നെ വാഡയിൽ സൂക്ഷിക്കുക' എന്ന വാക്കുകൾ ബാപ്പുസാഹെബിനെയും ബാക്കി എല്ലാവരെയും സമാധാനിപ്പിച്ചു. യഥാസമയം ബാബയുടെ ശരീരം നടുക്കുള്ള വേദിയിൽ സ്ഥാപിച്ച് മുരളീധരന്റെ സ്ഥാനത്ത് ബാബ തന്നെ വന്ന് മുരളീധരനായി, വാഡ സമാധിമന്ദിരവുമായി. അദ്ദേഹത്തിന്റെ അത്ഭുതാവഹമായ ജീവിതം ആരാലും അറിയാൻ കഴിയാത്തതാണ്.

ബാബയുടെ പരിശുദ്ധവും പവിത്രവും ആയ ദേഹം അടക്കിയ വാഡ നിർമ്മിച്ച ബാപ്പുസാഹെബ് ഭൂട്ടി അനുഗ്രഹീതനും ഭാഗ്യവാനുമാണ്.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ !